LIBRARY ARCHIVES Kerala Legislative Assembly

മഹേന്ദ്രമേതിര സമുദായത്തെ ഒ.ബി.സി.-യിൽ ഉൾപ്പെടുത്തുന്നതിന് നടപടി

129 [3716] ശ്രീ. കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹേന്ദ്രമേതിര സമുദായത്തെ മറ്റ് പിന്നോക്ക വിഭാഗങ്ങളുടെ പട്ടികയിലാണോ ഉൾപ്പെടുത്തിയിരിക്കുന്നത്;

(ബി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(സി) മലബാറിൽ ഈ വിഭാഗത്തെ മറ്റ് പിന്നോക്ക വിഭാഗത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇവർക്കുള്ള ആനുകൂല്യം ഈ വിഭാഗത്തിന് സംസ്ഥാന വ്യാപകമായി നൽകുന്നതിന് തയ്യാറാകുമോ?

ഉത്തരം

(എ) മലബാർ പ്രദേശത്ത് വിദ്യാഭ്യാസ ആനുകൂല്യങ്ങൾക്ക് അർഹതയുള്ള ഒ.ബി.സി. പട്ടികയിൽ മാത്രമാണ് മഹേന്ദ്രമേതിര സമുദായത്തെ ഉൾപ്പെടുത്തിയിട്ടുള്ളത്;

(ബി) സർക്കാർ-സർക്കാർ അനുബന്ധ സർവ്വീസിലേയ്ക്കുള്ള ഉദ്യോഗ സംവരണത്തിനുള്ള മറ്റ് പിന്നോക്ക വിഭാഗങ്ങളുടെ പട്ടികയിൽ സമുദായങ്ങളെ ഉൾപ്പെടുത്തുന്നത് സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷന്റെ ഉപദേശമനുസരിച്ചാണ്. മഹേന്ദ്രമേതിര സമുദായത്തെ ടി പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് കമ്മീഷൻ ശുപാർശ ചെയ്തിട്ടില്ല.

(സി) മലബാർ പ്രദേശത്ത് വിദ്യാഭ്യാസ ആനുകൂല്യങ്ങൾക്ക് അർഹതയുള്ള ഒ.ബി.സി. പട്ടികയിൽ മാത്രമാണ് ഈ വിഭാഗത്തെ ഉൾപ്പെടുത്തിയിട്ടുള്ളത്;

(ഡി) മലബാർ പ്രദേശത്ത് ഈ സമുദായത്തിന് ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ സംസ്ഥാനത്ത് മുഴുവൻ ലഭ്യമാക്കണമെന്ന ആവശ്യമുന്നയിച്ചുകൊണ്ട് ബഹു. എം.എൽ.എ. മുഖാന്തിരം സർക്കാരിൽ ലഭിച്ചിട്ടുള്ള നിവേദനം പിന്നോക്ക വിഭാഗ കമ്മീഷൻ പരിശോധിച്ചുവരികയാണ്.

കിർത്താഡ്സിന്റെ പ്രവർത്തനവും ആദികലാഗ്രാമലക്ഷ്യപ്രാപ്തിയും

130 [3717] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടെക്നിക്കൽ സ്റ്റാഫിന്റെ കുറവുമൂലം കിർത്താഡ്സിന്റെ പ്രവർത്തനം തടസ്സപ്പെട്ടിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) താൽക്കാലിക നിയമനത്തിന് പകരം പബ്ളിക് സർവ്വീസ് കമ്മീഷൻ വഴി ടെക്നിക്കൽ ജീവനക്കാരെ നിയമിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ആദി കലാഗ്രാമം ലക്ഷ്യപ്രാപ്തിയിലെത്തിയിട്ടുണ്ടോ; ഇപ്പോഴത്തെ സ്ഥിതിയെന്താണ്; ലക്ഷ്യപ്രാപ്തിക്ക് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;

(ഡി) കിർത്താഡ്സിന് സ്വയംഭരണാവകാശം നൽകാൻ തീരുമാനമെടുത്തിട്ടുണ്ടോ; ഇതിന്റെ പ്രവർത്തനത്തിന് കേന്ദ്രസഹായം ലഭിക്കുന്നുണ്ടോ;

(ഇ) ഇല്ലെങ്കിൽ കേന്ദ്രസഹായം ലഭിച്ചിരുന്നുവോ എന്നും സഹായം തുടർന്നും ലഭിക്കാൻ നടപടി സ്വീകരിച്ചുവോ എന്നും വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സ്പെഷ്യൽ റൂൾസിന്റെ അഭാവം മൂലം പി.എസ്.സി. വഴി ടെക്നിക്കൽ ജീവനക്കാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കാൻ നിർവ്വാഹമില്ല. കൂടാതെ ഇത് ഒരു സ്വയംഭരണ സ്ഥാപനം ആക്കണമെന്നുള്ള ഭരണപരിഷ്ക്കാര സമിതിയുടെ ശുപാർശ സർക്കാർ പരിശോധിച്ചുവരുന്നു.

(സി) ഇല്ല. കെട്ടിടനിർമ്മാണം പൂർത്തിയായിട്ടുണ്ട്. എന്നാൽ അതിലേക്കാവശ്യമായ സ്റ്റാഫിനെ നിയമിച്ചിട്ടില്ല.

(ഡി ആന്റ് ഇ) തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. 50% കേന്ദ്രസഹായം ലഭിക്കുന്നുണ്ട്. തുടർന്ന് ലഭിക്കുവാൻ വേണ്ട നടപടി സ്വീകരിക്കുന്നുണ്ട്.

പട്ടികവർഗ്ഗക്കാരുടെ ഉന്നമനം ലക്ഷ്യമാക്കി പ്രവർത്തനം

131 [3718] ശ്രീ. സി. ടി. അഹമ്മദ് അലി :

,, പി. കെ. കെ. ബാവ:

,, കെ. എൻ. എ. ഖാദർ:

,, ടി. പി. എം. സാഹിർ:

,, കെ. കുട്ടി അഹമ്മദ് കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗക്കാരുടെ ഉന്നമനം ലക്ഷ്യമാക്കി അവരുടെ വിദ്യാഭ്യാസത്തിനും ആരോഗ്യത്തിനും പാർപ്പിടത്തിനും വേണ്ടി 2003-2004 വർഷത്തിൽ ഓരോ ഇനത്തിലും എന്തെല്ലാം പ്രവർത്തികൾ നടത്തി;

(ബി) ഇവയിൽ ഓരോന്നിലും എന്തു തുക ചെലവഴിച്ചിട്ടുണ്ട്?

ഉത്തരം

(എ) പട്ടികവർഗ്ഗക്കാരുടെ ഉന്നമനം ലക്ഷ്യമാക്കി അവരുടെ വിദ്യാഭ്യാസത്തിനും ആരോഗ്യത്തിനും പാർപ്പിടത്തിനുംവേണ്ടി സർക്കാർ നിരവധി പദ്ധതികൾ 2003-04 വർഷം നടപ്പാക്കിയിട്ടുണ്ട്. ഇവയിൽ പ്രധാനപ്പെട്ടവ പ്രീമെട്രിക്കുലേഷൻ, പോസ്റ്റുമെട്രിക്കുലേഷൻ, സ്കോളർഷിപ്പുകൾ, 18 മാതൃകാ റസിഡൻഷ്യൽ സ്കൂളുകളുടെ പ്രവർത്തനവും നിർമ്മാണവും, പ്രീമെട്രിക് ഹോസ്റ്റലുകളുടെ പ്രവർത്തനം, പുതുതായി പോസ്റ്റുമെട്രിക് ഹോസ്റ്റൽ, വൊക്കേഷണൽ ട്രെയിനിംഗ് സെന്ററുകൾ

LIBRARY ARCHIVES Kerala Legislative Assembly